പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 797 | 17.07.2014- ൽ മറുപടിക്ക് |
|---|---|

## സർക്കാർ ആശുപത്രികളിൽ മൊളിക്യുലാർ ഡയഗ്നോസിസ് വിഭാഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സി. പി. മുഹമ്മദ്<br>" എം. എ. വാഹീദ്<br>" ഹൈബി ഈഡൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സർക്കാർ ആശുപത്രികളിൽ മോളിക്യൂലാർ ഡയഗ്നോസിസ് വിഭാഗത്തിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിൽ മോളിക്യൂലാർ ഡയഗ്നോസിസ് സംവിധാനം തുടങ്ങിയിട്ടില്ല. എന്നാൽ സ്റ്റേറ്റ് പബ്ലിക്ക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബിൽ 2014 ഏപ്രിൽ മാസം മുതൽ മോളിക്യൂലാർ ഡയഗ്നോസിസ് ടെസ്റ്റുകൾ (പി. സി. ആർ) ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഏതെല്ലാം തരത്തിലുള്ള ആശുപത്രികളിലാണ് ഇതിന് സൗകര്യമൊരുക്കിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ നിലവിൽ സ്റ്റേറ്റ് പബ്ലിക്ക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബിൽ മാത്രമാണ് ഈ സൗകര്യമുള്ളത്. കൂടാതെ കേന്ദ്രഗവൺമെന്റിന്റെ കീഴിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലും ഈ സൗകര്യം ലഭ്യമാണ്. |
| സി) | അനുയോജ്യമായ എല്ലാ ആശുപത്രികളിലും ഈ വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | സി) | സാധാരണഗതിയിൽ രോഗിയെ ചികിത്സിക്കുന്നതിന് മോളിക്യൂലാർ ഡയഗ്നോസിസ് ടെസ്റ്റുകളുടെ ആവശ്യം വരുന്നില്ല. രോഗനിർണ്ണയം സങ്കീർണ്ണമാകുന്ന അവസരങ്ങളിൽ( ഉദാ. ചില പ്രത്യേകതരം വൈറൽ രോഗങ്ങൾ, ചില പ്രത്യേകതരം ടി. ബി എന്നിവ) മാത്രമാണ് പി. സി. ആർ. ടെസ്റ്റിന്റെ ആവശ്യകത വരുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലെ പ്രധാന ആശുപത്രികളിൽ നിന്നും ആവശ്യമെങ്കിൽ സാമ്പിളുകൾ സ്റ്റേറ്റ് പബ്ലിക്ക് ഹെൽത്ത് ലാബിലേയ്ക്ക് അയച്ച് പരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും സംവിധാനങ്ങൾ ഒരുക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. |
| ഡി) | ഈ വിഭാഗത്തിന്റെ പ്രവർത്തനത്തിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്; വിശദമാക്കാമോ; | ഡി) | ആശുപത്രികളിൽ ഇക്കാര്യങ്ങൾക്കായി പ്രത്യേക സൗകര്യങ്ങളൊന്നും ഒരുക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**